നീർത്താടാധിഷ്ഠിത വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്നു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അവരുടെ പ്രദേശത്തെ ചെറു നീർത്തടങ്ങൾ സംബന്ധിച്ച അവലോകനരേഖ തയ്യാറാക്കി ഗ്രാമ/വാർഡ് സഭകളിൽ അംഗീകാരത്തിനായി നൽകിക്കഴിഞ്ഞു. ഗ്രാമ/വാർഡ് സഭകളുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ടായിരിക്കും ഈ രേഖ പൂർത്തീകരിക്കുക.

(സി) ത്രിതല പഞ്ചായത്തുകളും നഗരസഭകളും ഒന്നാംവർഷിക പദ്ധതിയിൽ 67766 പ്രോജക്ടുകൾക്കും രണ്ടാം വാർഷിക പദ്ധതിയിൽ 99554 പ്രോജക്ടുകൾക്കും മൂന്നാം വാർഷിക പദ്ധതിയിൽ 159850 പ്രോജക്ടുകൾക്കും രൂപം നൽകി തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ഈ വർഷത്തെ പദ്ധതികളുടെ ഭൗതിക ലക്ഷ്യങ്ങൾ സംബന്ധിച്ച കണക്ക് ലഭ്യമായിട്ടില്ല.

(ഇ) ജനകീയാസൂത്രണത്തിന്റെ ആരംഭം മുതൽ 2000 മാർച്ച് 31 വരെയുള്ള ഭൗതിക നേട്ടങ്ങൾ അനുബന്ധമായി ചേർക്കുന്നു.†

വിവിധ വകുപ്പ് ജീവനക്കാരുടെ തദ്ദേശ സ്ഥാപനങ്ങളിലേയ്ക്കുള്ള നിയമനം

41 (974) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പരിപാടികളുടെ നടത്തിപ്പിനായി വിവിധ വകുപ്പുകളിലെ അധിക ജീവനക്കാരെ തദ്ദേശ സ്ഥാപനങ്ങളിൽ ഡിപ്ലോയ് ചെയ്യുന്നതിനുള്ള ഉത്തരവുകൾ എന്നാണ് പുറപ്പെടുവിച്ചത് ;

(ബി) അതിനുള്ള നടപടികൾ എത്ര ദിവസത്തിനകം സ്വീകരിക്കാനാണ് നിർദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഏതൊക്കെ വകുപ്പുകളിലെ ജീവനക്കാരെ ഡിപ്ലോയ് ചെയ്യേണ്ടതുണ്ട് എന്ന് വിശദീകരിക്കാമോ ;

(ഡി) ഇതുവരെ ഏതൊക്കെ വകുപ്പുകളിൽ നിന്നാണ് ജീവനക്കാരെ തദ്ദേശ സ്ഥാപനങ്ങളിൽ നിയമിച്ചതെന്ന് വിശദീകരിക്കുമോ ;

(ഇ) ഇല്ലെങ്കിൽ ഇതുവരെയും സർക്കാർ ഉത്തരവുകൾ നടപ്പിലാക്കാതിരുന്നതിന്റെ കാരണം വിശദീകരിക്കുമോ ?

---

† അനുബന്ധം - XII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അധികാര വികേന്ദ്രീകരണത്തെ തുടർന്ന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുണ്ടായ അധിക ജോലിഭാരവും മറ്റു വകുപ്പുകളിലുണ്ടായ ജോലിയില്ലായ്മയും പരിഗണിച്ച് അത്തരത്തിലുള്ള ജീവനക്കാരെ അധികാര വികേന്ദ്രീകരണ സമിതിയുടെ ശുപാർശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വിന്യസിക്കുവാൻ 4-7-2000-ൽ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉത്തരവിന്റെ തീയതി മുതൽ 45 ദിവസത്തിനുള്ളിൽ സർക്കാരിന് ലിസ്റ്റ് ലഭ്യമാക്കാനാണ് ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്.

(സി)
1. കൃഷി
2. മണ്ണുസംരക്ഷണം.
3. മൃഗസംരക്ഷണം.
4. ക്ഷീരവികസനം
5. മത്സ്യബന്ധനം
6. വ്യവസായം
7. സഹകരണം.
8. പൊതുമരാമത്ത്
9. ജലസേചനം
10. ഗ്രാമവികസനം
11. സാമൂഹ്യക്ഷേമം
12. പട്ടികജാതി വികസനം
13. പട്ടികവർഗ്ഗ വികസനം
14. വിദ്യാഭ്യാസം
15. ആരോഗ്യം
16. ആയുർവേദം
17. റവന്യൂ
18. തൊഴിൽ
19. എംപ്ലോയ്മെന്റ് എന്നീ വകുപ്പുകളിൽ നിന്നും.

(ഡി) ജലസേചന വകുപ്പിൽ നിന്നും 1857 ജീവനക്കാരെ പുനർ വിന്യസിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചെങ്കിലും 1046 പേരുടെ സേവനം മാത്രമേ ഇതുവരെ തദ്ദേശസ്വയംഭരണ വകുപ്പിനു വിട്ടുതന്നിട്ടുള്ളൂ. ഇവരെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിച്ചുകൊണ്ട് 23-2-2001-ൽ സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പുനർ വിന്യാസത്തിനെതിരായി പൊതുമരാമത്തുവകുപ്പിലെ എഞ്ചിനീയർമാരുടെയും തദ്ദേശ ഭരണ വകുപ്പിലെ എഞ്ചിനീയർമാരുടെയും തദ്ദേശ ഭരണ വകുപ്പുകളിലെ എഞ്ചിനീയർമാരുടെയും സംഘടനകൾ പത്തോളം കേസുകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ഇതിൽ ചിലതിൽ വന്ന ഇടക്കാല ഉത്തരവുകൾ നടപ്പിലാക്കേണ്ടിയിരുന്നതിനാലും വിന്യസിക്കപ്പെടേണ്ട ജീവനക്കാരുടെ ഓപ്ഷൻ പൂർണ്ണമായി ലഭിക്കാത്തതിനാലുമാണ് കാലതാമസം നേരിട്ടത്.

പയ്യാവൂർ പഞ്ചായത്ത് തെരഞ്ഞെടുപ്പ് സംബന്ധിച്ച കേസ്

42 (975) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യാവൂർ പഞ്ചായത്തിന്റെ പ്രസിഡന്റ് തെരഞ്ഞെടുപ്പും അവിശ്വാസ പ്രമേയ ചർച്ചയും സംബന്ധിച്ച് ഹൈക്കോടതിയിൽ ഗവൺമെന്റ് ഭാഗത്തിനുവേണ്ടി വാദിക്കാൻ ഏതെല്ലാം അഭിഭാഷകരെയാണ് നിയോഗിച്ചതെന്നും ഇവർക്ക് ഓരോരുത്തർക്കും ഫീസിനത്തിൽ എത്ര രൂപ നൽകിയെന്നും വെളിപ്പെടുത്തുമോ ;

(ബി) ഇതേ കേസ്സിൽ സുപ്രീം കോടതിയിൽ ഗവൺമെന്റിനുവേണ്ടിയും ഗവൺമെന്റ് ഉദ്യോഗസ്ഥർക്ക് വേണ്ടിയും ഏതെല്ലാം അഭിഭാഷകരാണ് കേസ് വാദിച്ചതെന്നും ഇവർക്ക് ഓരോരുത്തർക്കും ഫീസിനത്തിൽ എത്ര രൂപ നൽകിയെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പയ്യാവൂർ പഞ്ചായത്തിന്റെ പ്രസിഡന്റ് തെരഞ്ഞെടുപ്പും അവിശ്വാസ പ്രമേയ ചർച്ചയും സംബന്ധിച്ച് ഹൈക്കോടതിയിൽ ഗവൺമെന്റ് ഭാഗത്തിനു വേണ്ടി സീനിയർ അഭിഭാഷകൻ ശ്രീ. ടി. പി. കേളു നമ്പ്യാർ, ഗവൺമെന്റ് പ്ലീഡർമാരായ ശ്രീ. കെ. ശശികുമാർ, ശ്രീ കെ. കെ. രവീന്ദ്രനാഥ്, ശ്രീ. കെ. ജയകുമാർ എന്നിവർ ഹാജരായിട്ടുണ്ട്. ഇവരിൽ ശ്രീ. ടി. പി. കേളു നമ്പ്യാർക്ക് ഫീസിനത്തിൽ 55,000 രൂപ നൽകിയിട്ടുണ്ട്. ഗവൺമെന്റ് പ്ലീഡർമാർക്ക് മാസശമ്പളമല്ലാതെ പ്രത്യേക ഫീസ് ഇല്ല.

(ബി) സുപ്രീം കോടതിയിൽ ഗവൺമെന്റിനു വേണ്ടിയും ഗവൺമെന്റ് ഉദ്യോഗസ്ഥർക്കുവേണ്ടിയും ശ്രീ. കെ. കെ. വേണുഗോപാൽ, ശ്രീ. സന്തോഷ് ഹെഗ്ഡെ, ശ്രീ. പി. പി. റാവു, ശ്രീ. എച്ച്. എൽ. സാൽവെ, ശ്രീ. സി. എസ്. വൈദ്യനാഥൻ ശ്രീ. ജി. പ്രകാശ് എന്നിവർ ഹാജരായിട്ടുണ്ട്. ഇവരിൽ ശ്രീ. ജി. പ്രകാശ് സുപ്രീം കോടതിയിൽ കേരള ഗവൺമെന്റിന്റെ പാനലിലുള്ള അഭിഭാഷകനാണ്. അഭിഭാഷകരുടെ ഫീസ് സംബന്ധിച്ച വിവരം ശേഖരിച്ചു സമർപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly